# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1685** 12.06.2019 -ലെ മറുപടിയ്ക്ക്

## ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവാര തകർച്ച

ചോദ്യം

ഉത്തരം

ശ്രീ. കെ.ജെ. മാക്സി

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠനനിലവാര തകർച്ചയും യഥാസമയം പരീക്ഷകൾ നടത്താത്തതും റിസൾട്ട് കുറയുന്നതും റിസൾട്ട് പ്രഖ്യാപിക്കുന്നതിലുമുള്ള കാലതാമസവും സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും അവ പരിഹരിക്കാനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | (എ) & (ബി) | പരീക്ഷകൾ യഥാക്രമം നടത്തുവാനും റിസൾട്ട് സമയബന്ധിതമായി പ്രഖ്യാപിക്കുവാനുമുള്ള നടപടിക്രമങ്ങൾ സർവ്വകലാശാലകൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (ബി) | നടപ്പ് അധ്യായനവർഷം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലകളിലെ പരീക്ഷകൾക്ക് മുൻകൂട്ടി ഏകീകൃത ടൈംടേബിൾ പ്രസിദ്ധീകരിക്കുവാനും നിശ്ചിത സമയത്തുതന്നെ പരീക്ഷ നടത്തുവാനും റിസൾട്ട് പ്രഖ്യാപിക്കുവാനും വേണ്ടി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ വേണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (സി) | ഉണ്ട്; സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസിലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (ഡി) | സപ്ലിമെന്ററി പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സർവ്വകലാശാലകൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രീകൃത വാല്യുവേഷൻ ക്യാമ്പ്, ഹോം വാല്യുവേഷൻ എന്നിവ വഴി പ്രശ്നം പരിഹരിക്കുവാൻ ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.